"ഭരണഭാഷ – മാതൃഭാഷ"

**നം-MRC1-25012/2015/ഡി.ഐ.എം.എസ്**

ഡയറക്ടറേറ്റ് ഓഫ്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
തിരുവനന്തപുരം -14,

**തീയതി, 15.06.2016**

**സർക്കുലർ**

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - നേത്ര ചികിത്സ/തിമിര ശസ്ത്രക്രിയയുടെ മെഡിക്കൽ റീഇംബേഴ്സുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. ഈ ഓഫീസിൽ നിന്നുള്ള 08.12.2015-ലെ ഇതേ നമ്പർ സർക്കുലർ
2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 24.05.2016-ലെ എ2-4285/2015/ആർ.ഡി.ഡി നമ്പരായുള്ള കത്ത്.

................

ഒഫ്താൽമോളജിസ്റ്റും മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുമായ ഡോ.ഡി.അനിതയുടെ നേതൃത്വത്തിൽ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണടയുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ ഒന്നാം സൂചനയിലെ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു.

തിമിര ശസ്ത്രക്രിയയ്ക്കു ഇൻട്രാ ഒക്കുലർ ലെൻസിന്റെ (IOL) വില ഉൾപ്പെടെയുള്ള CGHS Package rate ആണ് നിലവിലുള്ളത്. എന്നാൽ സർക്കാർ ആശുപത്രികളിൽ തിമിര ശസ്ത്രക്രിയ നടത്തുന്ന രോഗികൾ സ്വന്തം നിലയിൽ ഇൻട്രാ ഒക്കുലർ ലെൻസ് വാങ്ങി നൽകേണ്ട സാഹചര്യം നിലവിലുണ്ട്. ഇപ്രകാരം വാങ്ങുന്ന ലെൻസിന്റെ തുക അനുവദിച്ചു കിട്ടാൻ സമർപ്പിക്കുന്ന ബില്ലുകൾ non package ആയി പാസ്സാക്കേണ്ടി വരുന്ന സാഹചര്യമുണ്ടെന്നും അതിനാൽ ഇൻട്രാ ഒക്കുലർ ലെൻസിന് അനുവദിക്കാവുന്ന തുകയ്ക്ക് പരിധി നിശ്ചയ്ക്കേണ്ടതാണെന്നും ഇത് 2000/- രൂപയായി നിജപ്പെടുത്താവുന്നതാണെന്നും രണ്ടാം സൂചന പ്രകാരം ഡോ.ഡി.അനിത ശുപാർശ ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഒന്നാം സൂചനയിലെ സർക്കുലറിന്റെ തുടർച്ചയായി താഴെ-ക്കൊടുത്തിരിക്കുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

തിമിര ശസ്ത്രക്രിയാചെലവുകൾ നോൺ പാക്കേജായി പാസ്സാക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഇൻട്രാ ഒക്കുലർ ലെൻസിന്റെ വില പരമാവധി 2000/- രൂപ ആയി നിജപ്പെടുത്തേണ്ടതും ക്ലെയിം ചെയ്ത തുക ഇതിൽ കുറവാണെങ്കിൽ ആയത് പാസ്സാക്കി നൽകേണ്ടതുമാണ്.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

സ്വീകർത്താവ്

എല്ലാ സ്ഥാപനമേധാവികളും

പകർപ്പ് – 1. ഡയറക്ടറുടെ സി.എ
2. സൂപ്രണ്ട് (ഓഡിറ്റ്/മെഡിക്കൽ റീഇംബേഴ്സ്മെന്റ്)
3. ഫയൽ/സ്റ്റോക്ക് ഫയൽ

Sk: 16.6.16